E-mail: pro@mosc.in

# THE MALANKARA ORTHODOX SYRIAN CHURCH

**CATHOLICATE OF THE EAST**
OFFICE OF H. H. THE CATHOLICOS, CATHOLICATE PALACE
DEVALOKAM, KOTTAYAM - 686004
Ph: 0481 - 2578500, 2578499, 2309291

**Fr. Dr. Johns Abraham Konat**
Official Spokesperson of the Church
& Public Relations Officer

Konat, Pampakuda P.O,
Ernakulam, Kerala, 686667
Mob. No: 8075901640
9447173133

## പ്രസ് റിലീസ്

സഭാ തർക്കം സംബന്ധിച്ച് കേരള ഗവൺമെന്റിനു വേണ്ടി അഡീഷനൽ ചീഫ് സെക്രട്ടറി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് അയച്ച കത്തിലെ പരാമർശങ്ങൾ പക്ഷപാതപരവും നീതിനിഷേധവുമാണെന്ന് ഓർത്തഡോക്സ് സഭാ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്. കോടതി വിധി നടപ്പാക്കാനെന്ന വ്യാജേന, ആഗസ്റ്റ് 29 ന് ചർച്ചകൾക്കായി പരിശുദ്ധ ബാവാ നേരിട്ട് ഹാജരാകണമെന്നാവശ്യപ്പെടുന്ന കത്തിൽ 1934 ലെ ഭരണഘടനയുടെ അസൽ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതിന്റെ ഉദ്ദേശ്യം വ്യക്തമാകുന്നില്ല. പാത്രിയർക്കീസ് വിഭാഗത്തിന്റെ നാവായി സർക്കാർ പരിണമിക്കുന്നു എന്നാണ് ഇതിൽ നിന്നും മനസിലാകുന്നത്. കുറേക്കാലമായി പാത്രിയർക്കീസ് വിഭാഗം കേസുകളിൽക്കൂടി ആവശ്യപ്പെടുകയും, കേസുകൾ കേട്ട എല്ലാ കോടതികളും തള്ളുകയും ചെയ്ത ഒരു കാര്യമാണ് അഡീ. ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നത്. ബഹു. സുപ്രീംകോടതി വിധി അടിയന്തരമായി നടപ്പാക്കണം എന്നാവശ്യപ്പെട്ടു കൊണ്ട് അസോസിയേഷൻ സെക്രട്ടറി സംസ്ഥാന ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിനോടുള്ള പ്രതികരണമായി സഭാമേലദ്ധ്യക്ഷൻ 1934 ലെ ഭരണഘടനയുടെ ഒറിജിനലുമായി നേരിട്ട് ഹാജരാകണമെന്നാവശ്യപ്പെടുന്നത് അവഹേളനമായി മാത്രമേ കാണാനാവൂ.

2017 ലെ സുപ്രീം കോടതി വിധിയിൽ എല്ലാ കാര്യങ്ങളും ഇരുപക്ഷത്തിന്റെയും വാദമുഖങ്ങൾ വിശദമായി ചർച്ച ചെയ്തിട്ടുണ്ടെന്നും അതിനാൽ കോടതിയുടെ തീർപ്പ് സത്വരമായി അതിന്റെ പൂർണ്ണതയിൽ നടപ്പാക്കുകമാത്രമാണ് സർക്കാരിനു ചെയ്യാനുള്ളതെന്നും കോടതി തന്നെ തീർപ്പുകൽപ്പിച്ചിട്ടുള്ളതിനാൽ ഇനി ചർച്ചകൾക്ക് യാതൊരു പ്രസക്തിയുമില്ലായെന്ന് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ നൽകിയ മറുപടി കത്തിൽ വിശദീകരിച്ചിട്ടുണ്ട്. ചർച്ചകൾക്കായുള്ള ക്ഷണം വിധി നടത്തിപ്പ് താമസിപ്പിക്കുവാനുള്ള ഉപായം മാത്രമാണ് എന്ന് വിലയിരുത്തേണ്ടി വരുന്നു.

മലങ്കര സഭാ ഭരണഘടനയുടെ 1934 ലെ രൂപമനുസരിച്ച് ഭരണം നടത്തണമെന്നല്ല കോടതി നിർദ്ദേശിച്ചിരിക്കുന്നത്. "1934 ലെ ഭരണഘടന" എന്നത് ആ രേഖയുടെ പേരാണ്. ഭരണഘടന പലപ്രാവശ്യം ഭേദഗതി ചെയ്തിട്ടുള്ളതാണ്. 1995 ൽ സുപ്രീം കോടതി തന്നെ ആവശ്യപ്പെട്ടതനുസരിച്ച് അത് ഭേദഗതി ചെയ്തിട്ടുള്ളതാണ്. എല്ലാ ഭേദഗതികളും ഉൾക്കൊള്ളുന്ന ഇന്നത്തെ രൂപമാണ് നടപ്പാക്കേണ്ടത്. അതാണ് അതിന്റെ അസ്സൽ രൂപം. 1934 ലെ രൂപം 1958 ൽ അവസാനിച്ച കേസിൽ എക്സിബിറ്റ് എ.എം ആയി ഹാജരാക്കിയിട്ടുള്ളതും വിവിധ കോടതികൾ അത് വിശദമായി പഠിച്ച് അംഗീകരിച്ചിട്ടുള്ളതുമാണ്. ഇത്രയേറെ നിരീക്ഷണങ്ങളും വിധികളും ഭാരതത്തിന്റെ പരമോന്നത നീതിപീഠത്തിൽ നിന്നും, കേരള ഹൈക്കോടതിയിൽ നിന്നും ആവർത്തിച്ചുണ്ടായിട്ടും സംസ്ഥാന ഭരണസംവിധാനം കൈക്കൊള്ളുന്ന നിലപാടുകൾ ഭാരതത്തിന്റെ നീതിന്യായ വ്യവസ്ഥയിൽ സംസ്ഥാന സർക്കാരിനുള്ള അവിശ്വാസവും സർക്കാരിന്റെ നിക്ഷിപ്ത താല്പര്യവും വ്യക്തമാക്കുന്നതാണെന്നു മാത്രമേ വിലയിരുത്തുവാനാവുകയുള്ളൂ. അഡീ. ചീഫ് സെക്രട്ടറി വീണ്ടും ഈ പ്രശ്നം കുത്തിപ്പൊക്കാൻ

ശ്രമിക്കുന്നത് കോടതിയലക്ഷ്യമാണ്. കോടതിവിധിയിൽ പരാമർശിച്ചിരിക്കുന്നതും കോടതി അംഗീകരിച്ചിരിക്കുന്നതുമായ രേഖയുടെ അസൽപകർപ്പ് കോടതിയിൽ നിന്നുതന്നെ ലഭ്യമാക്കാനാവും എന്നത് മറന്നുകൊണ്ടാണോ ഈ നടപടികളെല്ലാം എന്നത് ആശ്ചര്യം ജനിപ്പിക്കുന്നു; ഉദ്ദേശ്യശുദ്ധിയിൽ സംശയമുളവാക്കുന്നു. അതിനാൽ തന്നെ എത്രയും വേഗം സുപ്രീംകോടതിയിൽ കോടതിയലക്ഷ്യ നടപടികൾ ആരംഭിക്കുമെന്നും മെത്രാപ്പോലീത്ത പറഞ്ഞു.

27/8/19

ഫാ.ഡോ.ജോൺസ് എബ്രഹാം കോനാട്ട്